**08.11.2018-ൽ ചേർന്ന ദ്വൈമാസ അവലോകന യോഗ നടപടി ചുരുക്കം**

2018 നവംബർ 8-ാം തീയതി രാവിലെ 10.30-ന് ചേർന്ന ദ്വൈമാസ അവലോകന യോഗം വകുപ്പ് അദ്ധ്യക്ഷ ഡോ.അജിത നായരുടെ സാന്നിദ്ധ്യത്തിൽ ആരംഭിച്ചു. പങ്കെടുത്ത ജീവനക്കാരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

പ്രസ്തുത യോഗത്തിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ഉപേന്ദ്ര റസുവിന്റെ സാന്നിദ്ധ്യം ആശുപത്രി സൂപ്രണ്ടുമാരുടെ Special Repair & Maintenance-ഉം, Annual Repair & Maintenance-ഉം ജോലികളുമായി ബന്ധപ്പെട്ടുള്ള സംശയങ്ങൾ ദുരീകരിക്കുവാൻ സാധിച്ചു. പല Special Repair & Maintenance Annual Repair & Maintenance ജോലികളും തുടരാൻ സാധിക്കാത്തത് നിലവിലുള്ള പോളിസിയിൽ മാറ്റം വന്നതിനാലാണെന്നും, വിവിധ ഘട്ടങ്ങളിലായി ഓരോ ജോലികളും തീർക്കുന്നതാണെന്നും, പുതിയ മാനദണ്ഡങ്ങൾ പ്രതിപാദിച്ചുകൊണ്ടുള്ള Operational Guidelines നല്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. കൂടാതെ ഡിസ്പെൻസറികളിൽ എന്തെങ്കിലും ഇലക്ട്രിക്കൽ complaints ഉണ്ടായാൽ സമീപത്തെ ആശുപത്രികളിലെ ഇലക്ട്രീഷ്യന്മാരുടെ സേവനം ലഭ്യമാക്കിത്തരുവാൻ അതാത് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ ആശുപത്രി സൂപ്രണ്ടുമാരോട് ആവശ്യപ്പെടാവുന്നതാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു. പ്രസ്തുത അഭിപ്രായത്തോട് വകുപ്പദ്ധ്യക്ഷ യോജിക്കുകയും എല്ലാ സൂപ്രണ്ടുമാരോടും, ഡിസ്പെൻസറി ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർ ആവശ്യപ്പെടുന്ന പക്ഷം അവരുടെ സ്ഥാപനത്തിലെ ഇലക്ട്രീഷ്യന്റെ സേവനം അനുവദിക്കാവുന്നതാണെന്നും നിർദ്ദേശിച്ചു.

കഴിഞ്ഞ യോഗത്തിൽ ആവശ്യപ്പെട്ടിട്ടും ലഭ്യമാകാത്തതും നടപടി സ്വീകരിക്കാ-ത്തതുമായ വിഷയങ്ങൾ താഴെകൊടുക്കുന്നു. അതാത് സ്ഥാപനമേധാവികൾ പ്രസ്തുത വിഷയങ്ങളുടെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ ഡയറക്ടർ ആവശ്യപ്പെട്ടു.

(1) പച്ചക്കറി കൃഷി നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് നല്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ പ്രസ്തുത റിപ്പോർട്ട് നവംബർ 15-നകം സമർപ്പിക്കേണ്ടതാണ്.
**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(2) Bush Clearance-ന് ആവശ്യമായ തുക ക്വട്ടേഷൻ ഉൾപ്പെടുത്തി ആവശ്യപ്പെടുക.
**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(.....2)

(3) ട്രെയിനിംഗിന് ആവശ്യമായ ഫണ്ട് നല്കിയിട്ടും ഒളരിക്കര ആശുപത്രി ട്രെയിനിംഗ് ഒന്നും നടത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. എറണാകുളം, ഫറോക്ക്, പേരൂർക്കട എന്നീ ആശുപത്രികളൊഴികെ മറ്റിടങ്ങളിലും ട്രെയിനിംഗ് കാര്യക്ഷമമായി നടത്തിയിട്ടില്ല. എല്ലാ കാറ്റഗറിയിലെ ജീവനക്കാർക്കും ആശുപത്രിതലത്തിൽ ട്രെയിനിംഗ് നല്കേണ്ടതും ട്രെയിനിംഗ് ഇനത്തിൽ നല്കിയിട്ടുള്ള തുക നവംബർ 30-നകം മുഴുവനും വിനിയോഗിക്കേണ്ടതാണ്.

**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(4) ലാബ് ടെക്നീഷ്യന്മാരുടെ അധിക തസ്തിക സർക്കാരിലേയ്ക്ക് ആവശ്യപ്പെടുന്നതിനായി, അതാത് സ്ഥാപനങ്ങളിൽ ദിവസേന എത്ര investigation നടക്കുന്നു എന്നതിന്റെ വിശദമായ ഒരു സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് നല്കേണ്ടതാണ്.

**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(5) വിവിധ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത് ജോലിയിൽ 6 മാസത്തെ സേവനത്തിനായി നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ കാലാവധി തീർന്നാൽ അതേ ജീവനക്കാരെ തന്നെ Daily Wages ആയി നിയമിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ജീവനക്കാരുടെ ഒഴിവ് വരുന്നതിന് മുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ട് ജീവനക്കാരെ തിരഞ്ഞെടുത്തു വയ്ക്കേണ്ടതാണ്. **(നടപടി:- റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ)**

(6) ആശുപത്രിതലത്തിൽ നടക്കുന്ന പരാതി പരിഹാരസെല്ലിന്റെയും, എസ്.സി/എസ്.ടി-യുടെയും റിപ്പോർട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖലയിൽ നിന്നും ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് **നവംബർ 14**-നകം നല്കേണ്ടതാണ്.

**(നടപടി:-റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണമേഖല)**

(7) ലോക്കൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങുന്നതിന് തുക അനുവദിച്ചിട്ടും എല്ലാ സ്ഥാപനങ്ങളും അത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല. റേറ്റ് കോൺട്രാക്ടിൽ ഉള്ളതും, എന്നാൽ പർച്ചേസ് ഓർഡർ നൽകിയിട്ടും ലഭിക്കാത്ത 103 ഇനം മരുന്നുകൾ സ്ഥാപനമേധാവിയുടെ delegation of powers പരിധിയിൽ

(.....3)

നിർത്തിക്കൊണ്ട് മേധാവിക്ക് തന്നെ പ്രസ്തുത മരുന്ന് നേരിട്ട് വാങ്ങാവുന്നതാണ്. അങ്ങനെ വാങ്ങുന്ന മെഡിസിന് Non Availability Certificate നല്കേണ്ടതും, കഴിയുന്നതും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, KSDP, നീതി സ്റ്റോർ മുഖേന മെഡിസിൻ വാങ്ങേണ്ടതുമാണ്. അത്തരം ലോക്കൽ പർച്ചേസ് വഴി വാങ്ങുന്ന മരുന്നുകൾ സ്റ്റോറിൽ സ്റ്റോക്ക് എൻട്രി വരുത്തി, ഫാർമസിയിൽ സൂക്ഷിക്കേണ്ടതാണ്. ഇത്തരം മരുന്നുകൾ ആവശ്യാനുസരണം ഉടനടി രോഗികൾക്ക് നൽകേണ്ടതാണ്.

**<u>ചർച്ച ചെയ്ത മറ്റു വിഷയങ്ങളും എടുത്ത തീരുമാനങ്ങളും</u>**

(1) എല്ലാ ആശുപത്രികളുടേയും ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ഒ.പി/ഐ.പി സ്റ്റാറ്റസ്, മേജർ/മൈനർ സർജറികളുടെ എണ്ണം എന്നിവ വിലയിരുത്തുകയുണ്ടായി. ഐ.പി സ്റ്റാറ്റസ് കുറയുകയും, സർജറികൾ നടക്കാത്ത ആശുപത്രികളിലെ സൂപ്രണ്ടുമാർ ഇതിന്റെ കാരണം വിലയിരുത്തി റിപ്പോർട്ട് അടുത്ത ദ്വൈമാസ യോഗത്തിൽ വിശദീകരിക്കേണ്ടതാണ്. രണ്ട് ആശുപത്രികളിൽ മാത്രമേ Bed Occupancy 50%-ന് മുകളിലെത്തിയിട്ടുള്ളൂ. അടിയന്തിരമായി എല്ലാ ആശുപത്രികളുടേയും Bed Occupancy ഘട്ടംഘട്ടമായി വർദ്ധിപ്പിക്കേണ്ടതും, സ്പെഷ്യാലിറ്റി റഫറൻസ് എംപാനൽഡ് പ്രൈവറ്റ് ആശുപത്രികൾക്ക് നൽകുന്നത് കുറയ്ക്കേണ്ടതുമാണ്.

**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(2) എല്ലാ ആശുപത്രി സൂപ്രണ്ടുമാരും ധന്വന്തരിയിലെ " transaction" monitor ചെയ്യേണ്ടതും, ജില്ലാതല നോഡൽ ഓഫീസർമാരിൽ നിന്നും റിപ്പോർട്ട് ശേഖരിക്കേണ്ടതാണ്. Transaction കുറവുള്ള സ്ഥാപനങ്ങൾക്കുള്ള തടസ്സം മനസ്സിലാക്കി ഇ.എസ്.ഐ കോർപ്പറേഷന്റെ സഹകരണത്തോടെ ധന്വന്തരി മൊഡ്യൂൾ സുഗമമായി പ്രവർത്തിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**(നടപടി :- നോഡൽ ഓഫീസർമാർ)**

(3) വിവിധ ജില്ലകളിലായി 30 സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തുവാനുണ്ട്. ടി സ്ഥാപനങ്ങളിൽ ആഡിറ്റ് അടിയന്തിരമായി നടത്തേണ്ടതാണ്.

**(നടപടി :- ജൂനിയർ സൂപ്രണ്ട്, ആഡിറ്റ്, ഡയറക്ടറുടെ കാര്യാലയം, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ )**

(4) ഡയറക്ടറേറ്റിൽ അനുമതിയ്ക്കായി അയയ്ക്കുന്ന ക്വട്ടേഷൻ നോട്ടീസുകളുടെ Comparitive Statement-ൽ യാതൊരു കൃത്യതയും ഇല്ല എന്ന് അക്കൗണ്ട്സ് വിഭാഗം സീനിയർ സൂപ്രണ്ട്, ശ്രീ.ആന്റോ ജോൺ അറിയിച്ചു. കൂടാതെ സ്പെഷ്യൽ ഇൻഡന്റുമായി ബന്ധപ്പെട്ട് ഒരു സർക്കുലർ 11.09.2018-ൽ ഡയറക്ടറേറ്റിൽ വച്ച് കൂടിയ യോഗത്തിൽ എല്ലാ സൂപ്രണ്ടുമാർക്കും നല്കിയിരുന്നു. എന്നാൽ പ്രസ്തുത സർക്കുലർ ഫീഡിംഗ് ഡിസ്പെൻസറികൾക്ക് നല്കുകയോ, അതിൽ പ്രതിപാദിച്ച വിഷയങ്ങൾ മറ്റ് സ്ഥാപനമേധാവികളെ ബന്ധപ്പെട്ട സൂപ്രണ്ടുമാർ അറിയിക്കുകയോ ചെയ്തിട്ടില്ല എന്നും അറിയിച്ചു. എല്ലാ സൂപ്രണ്ടുമാരും ദ്വൈമാസ യോഗത്തിൽ പങ്കെടുക്കുന്ന വേളയിൽ ലഭിക്കുന്ന, ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഫീഡിംഗ് ഡിസ്പെൻസറികള്ക്ക് നല്കേണ്ടതും, അതിലെ വിഷയങ്ങൾ തുടർന്ന് ആശുപത്രി തലത്തിൽ നടക്കുന്ന യോഗത്തിൽ ചർച്ച ചെയ്യേണ്ടതുമാണ്.

**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ)**

(5) പ്ലാൻ ഫണ്ടിൽ നിന്നും വാങ്ങുന്ന ഉപകരണങ്ങളും, മറ്റ് സാധനങ്ങളും ഏത് ഇനത്തിൽ നിന്നും തുക പിൻവലിച്ചു, എത്ര തുക വിനിയോഗിച്ചു എന്നും ഉള്ള വിവരം നവംബർ 17-നകം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറെ അറിയിക്കേണ്ടതാണ്.

**(നടപടി:- ആശുപത്രി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ)**

(6) എല്ലാ ഡിസ്പെൻസറികളും ഒക്ടോബർ 2018 വരെ സ്വീകരിച്ച മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ 31.12.2018-ന് മുമ്പ് settle ചെയ്യേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം സർക്കാർ തലത്തിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കുന്നതാണ്. കൂടാതെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് തലത്തിലുള്ള ബില്ലുകളും (ഒക്ടോബർ 31 വരെ ലഭിച്ചത്) ഡിസംബർ 31-നകം തീർപ്പാക്കേണ്ടതാണ്.

**(നടപടി:- ജോയിന്റ് ഡയറക്ടർ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, ആശുപത്രി സൂപ്രണ്ടുമാർ, മെഡിക്കൽ ഓഫീസർമാർ)**

(7) ഡിസ്പെൻസറി/ആശുപത്രികളിൽ സ്റ്റോക്ക് രജിസ്റ്റർ/ഒ.പി ടിക്കറ്റ് എന്നിവ പ്രിന്റ് ചെയ്ത് കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. **(നടപടി:- ഡി2 സെക്ഷൻ)**

(8) ഈ വകുപ്പിലെ ജീവനക്കാരിൽ Best Performance കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് അവാർഡ് നല്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനായി ഓരോ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും അവരുടെ അഭിപ്രായം, (Performance വിലയിരുത്തുന്നതിനുള്ള Criteria ഉൾപ്പെടുത്തിയത്) രേഖപ്പെടുത്തിയ ഒരു റിപ്പോർട്ട് അയച്ചുതരേണ്ടതാണ്. ഒട്ടിച്ച കവറിൽ **"Criteria for Best Performance by Employees of Insurance Medical Services Department"** എന്ന ശീർഷകം രേഖപ്പെടുത്തിയാണ് വകുപ്പദ്ധ്യക്ഷയ്ക്ക് അയച്ചുതരേണ്ടത്.

യോഗം 3.30-ന് അവസാനിച്ചു.

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ**

എസ്കെവി - 15.11.18

**08.11.2018-ൽ ചേർന്ന ദ്വൈമാസ അവലോകനയോഗത്തിൽ പങ്കെടുത്ത ജീവനക്കാരുടെ പേര് വിവരം**

| Sl. No | Name & Designation | Name of Institution |
|---|---|---|
| 1 | Dr.Ajita Nair.R, Director | Directorate of Insurance Medical Services |
| 2 | Dr.M.S.Geetha Devi, Joint Director | Directorate of Insurance Medical Services |
| 3 | Dr.Premakunari, Regional Deputy Director (I/C) North Zone | Regional Deputy Director, North Zone |
| 4 | Dr.R.E.Glastin, Regional Deputy Director | Regional Deputy Director |
| 5 | Dr.Chandramathy Karunakaran.A, Superintendent | ESI Hospital, Ernakulam |
| 6 | Dr.Suganthi Gopinath, Superintendent | ESI Hospital, Peroorkada |
| 7 | Dr.Anitha Bharathan | ESI Hospital, Vadavathoor |
| 8 | Dr.Jameela.K.M | ESI Hospital, Ernakulam |
| 9 | Dr.Bindu Mary Francis, Insurance Medical Officer | ESI Dispensary, Pattathanam |
| 10 | Dr.Seninamma John, Insurance Medical Officer | ESI Dispensary, Kottarakkara |
| 11 | Dr.A.Sowban, | ESI Hospital, Alappuzha |
| 12 | Dr.Sen George, Nodal Officer | ESI Hospital, Peroorkada |
| 13 | Dr. S.K .Subramanian, Ortho Surgeon | ESI Hospital, Palakkad |
| 14 | Dr. K.K.Radhakrishnan, Superintendent | ESI Hospital, Olarikkara |
| 15 | Dr.Omana.V.K, Superintendent | ESI Hospital, Thottada |
| 16 | Dr.Latha Sahadevan, Deputy Director (Ayurveda) | O/o Deputy Director, IMS |
| 17 | Dr.Anitha.D, Regional Deputy Director | Regional Deputy Director, (CZ) Ernakulam |
| 18 | Shyla Beevi.S, Senior Finance Officer | Directorate of Insurance Medical Services |
| 19 | A.Karnnan, Junior Superintendent | Directorate of Insurance Medical Services |
| 20 | George Thomas, Junior Superintendent | Directorate of Insurance Medical Services |
| 21 | Joy Antony, Junior Superintendent | ESI Hospital, Mulamkunnathukavu |
| 22 | Chandrababu.K.G, Assistant Engineer | SILK, Cherthala |
| 23 | Sandeep. A.M | |
| 24 | E.C.George, Assistant Engineer | SILK |
| 25 | V.P.Suresh, Assistant Engineer (Civil) | ESI Corporation |

| Sl. No | Name & Designation | Name of Institution |
|---|---|---|
| 26 | Upendra Rasu, Executive Engineer (Civil) | ESI Corporation , Regional Office |
| 27 | Prasanth.D, Deputy Director (I/C) | ESI Corporation, SRO, Trivandrum |
| 28 | Harrison D.Perera, Junior Superintendent | Directorate of Insurance Medical Services |
| 29 | Shibu.S, Senior Clerk | Directorate of Insurance Medical Services |
| 30 | C.V.Usha, Store Keeper | Directorate of Insurance Medical Services |
| 31 | Meenakumari.N, Fair Copy Superintendent | Directorate of Insurance Medical Services |
| 32 | Jayakrishnan.O.M, Research Assistant (Stat.) | Directorate of Insurance Medical Services |
| 33 | Sunil.S, IT Division | Directorate of Insurance Medical Services |
| 34 | Seena Wahab | Kerala State Nirmithi Kendra |
| 35 | Harikrishnan, Sub Engineer | |

for **Director of Insurance Medical Services**

Skv-15.11.18